തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

വാക്കാട്, തിരൂർ, മലപ്പുറം, പിൻ 676 502
ഫോൺ : 0494 2631230

# നാലുവർഷ ബിരുദ (FYUGP)
# പ്രവേശനത്തിനുള്ള പ്രോസ്പ്പെക്ടസ്
# 2026-27

ഫോൺ : 9188 023 237

ഇ-മെയിൽ : admission@temu.ac.in

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല

# 1- സർവകലാശാല

കേരളസർക്കാറിന്റെ ഉത്തരവിലൂടെ 2012 നവംബർ ഒന്നിന് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല സ്ഥാപിതമായി. 2013 ഏപ്രിലിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലാ ആക്ട് നിലവിൽ വന്നു. മാതൃഭാഷാഭിമാനം വളർത്താനും മലയാളി സമൂഹത്തിൽ വിവിധങ്ങളായ പഠനങ്ങൾ നിർവഹിക്കാനും ലക്ഷ്യമാക്കിയാണ് സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. സാഹിത്യം, ശാസ്ത്രം, മാനവികവിഷയങ്ങൾ, സാമൂഹ്യശാസ്ത്രം, സാങ്കേതിക വിദ്യ എന്നിവയെല്ലാം മലയാളമാധ്യമത്തിലൂടെ പഠിപ്പിക്കുക, മലയാളഭാഷ, താരതമ്യസാഹിത്യം, മലയാളവിമർശനം, സംസ്കാരപൈതൃകം, ദക്ഷിണേന്ത്യൻ ഭാഷകളുടെ ലിപിപരിണാമം, ഗോത്രഭാഷകൾ, പ്രാദേശിക ഭാഷകൾ, മലയാള കവിത, ചെറുകഥ, നോവൽ, കേരളീയനവോത്ഥാനം, ചരിത്രം, കേരളത്തിന്റെ വൈജ്ഞാനികപാരമ്പര്യം, പുരാതത്വവിജ്ഞാനം, മ്യൂസിയപഠനം, പരിഭാഷ എന്നിവയെയെല്ലാം മുൻനിർത്തി സവിശേഷപഠനങ്ങൾ നിർവഹിക്കുക എന്നിവയും ഈ സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യമാണ്. മലയാളഭാഷാ മാധ്യമത്തിലൂടെ ബിരുദാനന്തരബിരുദ കോഴ്സുകളും ഗവേഷണകോഴ്സുകളും നിർവഹിക്കാനുള്ള സൗകര്യമാണ് സർവ്വകലാശാല ഒരുക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക - ബൗദ്ധിക പാരമ്പര്യത്തിന് ഊന്നൽ നൽകിയാണ് മേൽപ്പറഞ്ഞ കോഴ്സുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരികമായ ഈടുവെപ്പുകൾ ശേഖരിക്കുക, സംരക്ഷിക്കുക, അവതരിപ്പിക്കുക എന്നിവയും സർവ്വകലാശാല അതിന്റെ പ്രധാന ദൗത്യമായി പരിഗണിക്കുന്നു. മാത്രമല്ല പുതിയ വിവരസാങ്കേതിക വിദ്യക്കനുഗുണമായി മലയാളത്തെ വികസിപ്പിക്കാനുള്ള പദ്ധതികളും സർവ്വകലാശാലയുടെ പരിപ്രേക്ഷ്യത്തിൽ വരുന്നതാണ്.

മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഉന്നതനിലവാരമുള്ള ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകൾ നടത്തുന്നതിനായി മലയാളസർവ്വകലാശാല പ്രധാനപ്പെട്ട മേഖലകളിൽ ഗവേഷണവും പുസ്തകങ്ങൾ, ജേണലുകൾ എന്നിവയുടെ പ്രസിദ്ധീകരണവും ആരംഭിച്ചിട്ടുണ്ട്. കേന്ദ്രമാനവവിഭവശേഷി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്സിക്കൽ മലയാളത്തിനുവേണ്ടിയുള്ള മികവുകേന്ദ്രം മലയാള സർവ്വകലാശാലയിലാണ് ആരംഭിച്ചിട്ടുള്ളത്. മലയാളഭാഷയെ സമകാലസാഹചര്യത്തിനനുസരിച്ച് ശാക്തീകരിക്കാനും മലയാളത്തിലെ കൃതികളെ മറ്റ് ഇന്ത്യൻ ഭാഷയിലേക്കും വിദേശഭാഷകളിലേക്കും തർജ്ജമ ചെയ്യാനും കൂടുതൽ ഉയർന്ന ഗവേഷണപഠനങ്ങൾ നിർവഹിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത മികവുകേന്ദ്രം മലയാളസർവ്വകലാശാലയിൽ സ്ഥാപിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ഏത് വിജ്ഞാനശാഖയും കൈകാര്യം ചെയ്യാൻ പാകത്തിൽ മലയാളത്തെ ശാക്തീകരിക്കുക എന്ന

ലക്ഷ്യത്തോടെയാണ് മലയാളസർവ്വകലാശാല അതിന്റെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.

കേരളത്തിന്റെ ഭാഷ, സാഹിത്യം, കലകൾ, മറ്റ് സാംസ്കാരികാവിഷ്കാരങ്ങൾ, ബൗദ്ധിക പാരമ്പര്യം, ആഴത്തിലുള്ള ജനജീവിതം എന്നിവയിലൂന്നിയുള്ള പഠനത്തിനായി സമർപ്പിക്കപ്പെട്ട സ്ഥാപനമാണ് മലയാളസർവ്വകലാശാല. സമകാല ജീവിതത്തിനാവശ്യമായ വിധം മേൽപ്പറഞ്ഞ മേഖലകളിൽ പുതിയ കാഴ്ചപ്പാടുകളും അറിവും സങ്കൽപ്പനങ്ങളും വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലുണ്ടാകുന്ന പരിണാമങ്ങളുടെ വഴികൾ നിരന്തരമായി നിരീക്ഷിക്കാനും വിലയിരുത്താനും അതിനനുഗുണമായി മലയാളഭാഷയേയും കേരളസംസ്കാരത്തേയും മലയാള ധൈഷണികതയേയും ഭാവിയുടെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയും വിധം സജ്ജമാക്കാനും സർവ്വകലാശാല പ്രതിബദ്ധമാണ്.

## 2- പ്രോഗ്രാമുകൾ

| ക്രമ നമ്പർ | ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദ പ്രോഗ്രാമുകൾ | യോഗ്യത | സീറ്റ് |
|---|---|---|---|
| 1 | ബി.എ. മലയാളം | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 25 |
| 2 | ബി.എസ്‌സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തിക ശാസ്ത്രവും | ശാസ്ത്ര വിഷയങ്ങൾ/സാമ്പത്തിക ശാസ്ത്രം വിഷയമായി പഠിച്ച പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം | 25 |
| 3 | ബി.എ. ചലച്ചിത്രങ്ങളും ആശയവിനിമയവും (ബി.എ. ഫിലിം & കമ്മ്യൂണിക്കേഷൻ) | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 15 |
| 4 | ബി.എ. താരതമ്യസാഹിത്യ വിവർത്തനപഠനം | പ്ലസ് ടു അഥവാ തത്തുല്യ യോഗ്യത | 15 |
| | ആകെ | | 80 |

എട്ട് സെമെസ്റ്ററുകളിലായി നാലു വർഷം ദൈർഘ്യമുള്ളതാണ് ബിരുദ പ്രോഗ്രാമുകൾ.

1. **മൂന്നുവർഷ ബിരുദം** - പ്രവേശനം നേടി മൂന്നാം വർഷം പ്രോഗ്രാം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗിച്ച് പഠനം പൂർത്തിയാക്കാവുന്നതാണ്. പ്രസ്തുത വിദ്യാർഥികൾക്ക് തങ്ങളുടെ മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നുവർഷ ബിരുദം നേടാവുന്നതാണ് .

2. **നാലുവർഷ ബിരുദം (ഓണേഴ്സ്)** - പ്രവേശനം നേടി നാലുവർഷം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഓണേഴ്സ് ബിരുദം നേടാവുന്നതാണ്.

3. **നാലുവർഷ ബിരുദം (ഓണേഴ്സ് വിത്ത് റിസർച്ച് )** - നാലാം വർഷം നിശ്ചിത ക്രെഡിറ്റോടുകൂടി ഗവേഷണ പ്രോജക്റ്റ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഓണേഴ്സ് വിത്ത് റിസേർച്ച് ബിരുദം നേടാവുന്നതാണ്.

## 3- സീറ്റുകളുടെ വിഭജനം

എല്ലാ പ്രോഗ്രാമുകളുടെയും 50% സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിലും 50% സീറ്റുകൾ സംവരണാടിസ്ഥാനത്തിലുമായിരിക്കും നികത്തുക.

### സംവരണ സീറ്റ്

**1- നിർബന്ധിത സംവരണ സീറ്റുകൾ**

**സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)**

സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽ [SEBC] ഉൾപ്പെടുന്നവരിൽ നിന്നായിരിക്കും ഈ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ്.

i. ഈഴവ, തീയ്യ, ബില്ലവ (ETB)
ii. മുസ്ലിം
iii. ലാറ്റിൻ കാത്തലിക് (ആംഗ്ലോ ഇന്ത്യൻ വിഭാഗം ഒഴികെ)
iv. മറ്റ് പിന്നാക്ക ക്രിസ്ത്യൻ വിഭാഗം
v. മറ്റ് പിന്നാക്ക ഹിന്ദു വിഭാഗം

**സംവരണവിഭാഗത്തിലേക്കു പരിഗണിക്കപ്പെടണമെങ്കിൽ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന [SEBC] വിഭാഗത്തിൽ ഉൾപ്പെടുന്നവർ വില്ലേജ് ഓഫീസർ നൽകുന്ന സാധുവായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

**പട്ടിക ജാതി / പട്ടിക വർഗ്ഗ സീറ്റുകൾ**

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**2- മറ്റ് സംവരണ സീറ്റുകൾ**

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (EWS)**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും എന്നാൽ മറ്റ് നിർബന്ധിത സംവരണ വിഭാഗങ്ങളിൽ ഉൾപ്പെടാത്തതുമായ വിദ്യാർഥികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. **EWS** വിഭാഗത്തിലേക്കു പരിഗണിക്കപ്പെടുന്നതിന്, ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന, നിശ്ചിതമാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അന്ത്യോദയ അന്ന യോജന **(AAY)** / പ്രയോറിറ്റി ഹൗസ് ഹോൾഡ് **(PHH)** വിഭാഗത്തിൽപ്പെട്ടവർ അനുബന്ധം **III** ൽ

നൽകിയിട്ടുള്ള ഫോറത്തിലും മറ്റുള്ളവർ അനുബന്ധം **IV** ൽ നൽകിയിട്ടുള്ള ഫോറത്തിലും സമർപ്പിക്കേണ്ടതാണ്.

**ഭിന്നശേഷിവിഭാഗം**

ഭിന്നശേഷിവിഭാഗത്തിലേക്കു പരിഗണിക്കപ്പെടണമെങ്കിൽ വിദ്യാർഥി യുണീക് ഡിസബിലിറ്റി ഐഡൻറിറ്റി കാർഡ് **(UDID)** അല്ലെങ്കിൽ 40% ത്തിൽ കുറയാത്ത ഡിസബിലിറ്റി രേഖപ്പെടുത്തിയതായി മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡിസബിലിറ്റി ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് സർട്ടിഫിക്കറ്റിൽ/ കാർഡിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കണം.

ഭിന്നശേഷിവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള സംവരണക്രമം കാഴ്ചശേഷി, ബധിര-മൂക, അംഗപരിമിതർ, മറ്റു വിഭാഗക്കാർ എന്നിങ്ങനെയായിരിക്കും.

3- **പ്രത്യേക സംവരണ സീറ്റുകൾ**

ഭിന്നശേഷിവിഭാഗത്തിൽ [ഓട്ടിസം, ബുദ്ധിപരമായ ഭിന്നശേഷി **(Intellectual disability)**, പഠനഭിന്നശേഷി **(Specific learning disabilities)**, മാനസിക വെല്ലുവിളി **(Mental Illness)** എന്നിവയും ഉൾപ്പെടെ] ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് ഓരോ പ്രോഗ്രാമിലും ഒരു സീറ്റ് വീതം മെറിറ്റ് അടിസ്ഥാനത്തിൽ, നിലവിലുള്ള പരമാവധി സീറ്റിനു പുറമേ, ലഭ്യമാക്കുന്നതാണ്.

## 4- പ്രവേശനയോഗ്യത

1. പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത **പ്ലസ് ടു അഥവാ തത്തുല്യയോഗ്യത**യായിരിക്കും. **ബി.എസ് സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തിക ശാസ്ത്രവും ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് എന്ന പ്രോഗ്രാമിന്, ശാസ്ത്ര വിഷയങ്ങൾ/സാമ്പത്തിക ശാസ്ത്രം വിഷയമായി പഠിച്ച പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം ആയിരിക്കും അടിസ്ഥാന യോഗ്യത.**
2. അടിസ്ഥാനയോഗ്യതയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അർഹമായ ബോണസ് മാർക്ക് കൂടി ഉൾപ്പെടുത്തി കണക്കാക്കുന്ന ഇൻഡെക്സ് മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുക.

3. അപേക്ഷകർ പ്രസ്തുത വിദ്യാഭ്യാസവർഷത്തിലെ ഏപ്രിൽ ഒന്നിന് (01/04/2027-ന്) 25 വയസ്സ് കഴിഞ്ഞവരാകരുത്. പട്ടികജാതി/പട്ടിക വർഗ്ഗം/ ഭിന്നശേഷിയുള്ളവർ/ പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് 27 വയസ്സു വരെയാകാം. സ്ത്രീകൾക്കും ഭിന്നലിംഗക്കാർക്കും പ്രായപരിധിയില്ല.
4. രണ്ടോ അതിൽ കൂടുതലോ ബിരുദം *(റഗുലർ രീതിയിൽ)* കരസ്ഥമാക്കിയിട്ടുള്ളവർക്ക് മലയാള സർവകലാശാലയിൽ ബിരുദപഠനത്തിന് അർഹതയുണ്ടായിരിക്കില്ല.
5. ആദ്യബിരുദപഠനത്തിനായി അപേക്ഷിക്കുന്നവർക്ക് പ്രവേശനത്തിൽ മുൻഗണനയുണ്ടായിരിക്കുന്നതാണ്. ആദ്യബിരുദവിദ്യാർഥികളുടെ പ്രവേശനം പൂർത്തീകരിച്ചതിനു ശേഷം ഒഴിവു വരുന്ന സീറ്റുകളിൽ മാത്രമേ അധികബിരുദ വിദ്യാർഥികളുടെ പ്രവേശനം പരിഗണിക്കുകയുള്ളൂ.
6. ഇതുമായി ബന്ധപ്പെട്ട സത്യവാങ് മൂലം അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.
7. അപേക്ഷകർ പത്താം ക്ലാസിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ളവരായിരിക്കണം.

## 5- പ്രവേശനരീതി

ബിരുദ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം സർവ്വകലാശാലയുടെ **www. malayalamuniversity.edu.in** എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

അപേക്ഷിക്കുന്നയാളിന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സ്കാൻ ചെയ്തു ചേർക്കേണ്ടതാണ്. സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്.

**താഴെക്കൊടുത്ത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികൾക്ക്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നപക്ഷം, ബോണസ് മാർക്ക് നൽകുന്നതായിരിക്കും.**

| നമ്പർ | ഇനം | മാർക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | എൻ സി സി കേഡറ്റ് ആയി ഹയർ സെക്കന്ററി/ പ്ലസ് ടു തലത്തിൽ പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റ് *(എൻ സി സി ഡയറക്ടറേറ്റ് നല്കുന്നതും ഡയറക്ടർ ഒപ്പ് വച്ചിട്ടുള്ളതുമായ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക്)* | 15 | ഒരു ഇനത്തിൽ മാത്രമേ ബോണസ് മാർക്കിന് അർഹതയുണ്ടായിരിക്കൂ |

| | | | | |
|---|---|---|---|---|
| 2 | എൻ സി സി യുടെ “എ”, “ബി”, “സി” സർട്ടിഫിക്കറ്റുകൾ ഉള്ളവർക്ക് [പരമാവധി 10 മാർക്ക്] | “എ”സർട്ടിഫിക്കറ്റ് | 3 | |
| | | “ബി” സർട്ടിഫിക്കറ്റ് | 5 | |
| | | “സി” സർട്ടിഫിക്കറ്റ് | 10 | |
| 3 | എൻ എസ് എസ് വളണ്ടിയർ ആയി ഹയർ സെക്കന്ററി/ പ്ലസ് ടു തലത്തിൽ പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റ് *[എൻ എസ് എസ് ഡയറക്ടറേറ്റ് നല്കുന്നതും ഡയറക്ടർ ഒപ്പ് വച്ചിട്ടുള്ളതുമായ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക്]* | | 15 | |
| 4 | സ്റ്റുഡൻറ് പോലീസ് കേഡറ്റ് ആയി ഹയർ സെക്കന്ററി/ പ്ലസ് ടു തലത്തിൽ പങ്കെടുത്തതിനുള്ള സർട്ടിഫിക്കറ്റ് | | 15 | |
| 4 | സൈനിക (*ജവാൻ, എക്സ്-സർവീസ് മാൻ, ബി എസ് എഫ്*) സേവനത്തിനിടെ അന്തരിച്ച/ അംഗവൈകല്യം സംഭവിച്ച സൈനികരുടെ കുട്ടികൾ/ വിധവകൾ | | 15 | |
| 5 | സംസ്ഥാന ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി തല കലാ/ കായിക/ ശാസ്ത്ര/ ഗണിത മേളകളിലെ ഒന്നാം സ്ഥാനം / “എ” ഗ്രേഡ് | | 10 | |
| 7 | സർവ്വകലാശാലയുടെ സമീപമുള്ള വെട്ടം, മംഗലം, നിറമരുതൂർ, തലക്കാട്, പുറത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സ്ഥിരതാമസക്കാർ | | 5 | ബന്ധപ്പെട്ട വില്ലേജ്/ പഞ്ചായത്ത് അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം |
| 8 | വെട്ടം, മംഗലം, നിറമരുതൂർ, തലക്കാട്, പുറത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ സ്ഥിര താമസക്കാരിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് | | 5 | ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. |

**ഇൻഡെക്സ് മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ഇൻഡെക്സ് മാർക്ക് കണക്കാക്കുന്നത് താഴെപ്പറയും വിധമായിരിക്കും.**

| | |
|---|---|
| ബി. എ. മലയാളം (ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാം) | യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച ആകെ മാർക്ക് + മലയാളത്തിനു ലഭിച്ച മാർക്ക് + അർഹമായ ബോണസ് മാർക്ക്. |
| ബി. എസ്. സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും (ഓണേഴ്സ് / ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാം) | യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച ആകെ മാർക്ക് + അർഹമായ ബോണസ് മാർക്ക്. |
| ബി.എ. ചലച്ചിത്രങ്ങളും ആശയവിനിമയവും (ബി.എ. ഫിലിം & കമ്മ്യൂണിക്കേഷൻ) | യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച ആകെ മാർക്ക് + മലയാളത്തിനു ലഭിച്ച മാർക്ക് + അർഹമായ ബോണസ് മാർക്ക്. |
| ബി.എ. താരതമ്യസാഹിത്യ വിവർത്തനപഠനം | യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച ആകെ മാർക്ക് + മലയാളത്തിനു ലഭിച്ച മാർക്ക് + അർഹമായ ബോണസ് മാർക്ക്. |

മേൽപ്രകാരം കണക്കാക്കിയ ഇൻഡെക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതും അതിൽനിന്ന് സംവരണക്രമം പാലിച്ചു കൊണ്ട് പ്രവേശനം നടത്തുന്നതുമാണ്. റാങ്കിൽ തുല്യത വരുന്നപക്ഷം താഴെപ്പറയുന്നവ പരിഗണിച്ച് പ്രതിസന്ധി പരിഹരിക്കുന്നതാണ്

- യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ചിട്ടുള്ള മൊത്തം മാർക്ക്.
- ജനനത്തീയതി
- അടിസ്ഥാനയോഗ്യതാ പരീക്ഷയിലെ രണ്ടാംഭാഷയായ മലയാളത്തിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ.
- സർവ്വകലാശാലയുടെ സമീപമുള്ള വെട്ടം, മംഗലം, നിറമരുതൂർ, തലക്കാട്, പുറത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സ്ഥിരതാമസക്കാർ [ബന്ധപ്പെട്ട വില്ലേജ്/ പഞ്ചായത്ത് അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ]

## 6- പ്രവേശന സമയത്ത് സമർപ്പിക്കേണ്ട രേഖകൾ

ബിരുദ പ്രോഗ്രാമുകളുടെ പ്രവേശന സമയത്ത് ഹാജരാക്കേണ്ട വിവിധ രേഖകൾ/സർട്ടിഫിക്കറ്റുകൾ താഴെക്കൊടുത്ത പ്രകാരമായിരിക്കും

| | | |
|---|---|---|
| 1 | എസ് എസ് എൽ സി (SSLC) സർട്ടിഫിക്കറ്റ് | എല്ലാ വിഭാഗക്കാരും നിർബന്ധമായും |

| | | |
|---|---|---|
| 2 | ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് [പ്ലസ് ടു / വി എച്ച് എസ് സി/ സി ബി എസ് ഇ] | ഹാജരാക്കേണ്ടതാണ്. |
| 3 | വിടുതൽ സർട്ടിഫിക്കറ്റ് (TC) | |
| 4 | സ്വഭാവ സർട്ടിഫിക്കറ്റ് **(Conduct Certificate)** | |
| 5 | ആധാർ കാർഡിന്റെ പകർപ്പ് | |
| 6 | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | സംവരണവിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ മാത്രം |
| 7 | ജാതി സർട്ടിഫിക്കറ്റ് | വയസ്സിളവിന് അർഹതയുള്ളവർ മാത്രം |
| 8 | ഭിന്നശേഷി സർട്ടിഫിക്കറ്റ് | |
| 9 | ബോണസ് മാർക്കിന് അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | ബോണസ് മാർക്കിന് അർഹതയുണ്ടെങ്കിൽ മാത്രം |
| 10 | പ്രവേശനസമയത്ത് സമർപ്പിക്കാൻ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ | |

**എല്ലാ അപേക്ഷകരും നിർബന്ധമായും എ ബി സി (ABC) / അപാർ (APAAR) ഐഡി നമ്പർ എടുക്കേണ്ടതും ആയത് അഡ്മിഷൻ സമയത്ത് ലഭ്യമാക്കേണ്ടതുമാണ്.**

## 7- പ്രവേശന സമയത്ത് അടക്കേണ്ട ഫീസുകൾ

| വിഭാഗം | ഫീസ് ഇനം | തുക | |
|---|---|---|---|
| പട്ടികജാതി/പട്ടിക വർഗ്ഗം വിഭാഗത്തിൽ പെട്ടവർ | സുരക്ഷാനിക്ഷേപം | **1,050** | **ആകെ -1,375** |
| | ഇൻഷുറൻസ് | **190** | |
| | അധ്യാപക രക്ഷാകർതൃ സംഘടന (പി ടി എ) | **135** | |
| മറ്റുള്ളവർ | പ്രവേശന ഫീസ് | **160** | **ആകെ- ബി എ - 5,705 ബി എസ് സി - 6,230** |
| | ലൈബ്രറി ഫീസ് | **210** | |
| | ഡിപ്പാർട്ട്മെൻറ് ഡെവലപ്മെൻറ് ഫണ്ട് | **210** | |
| | സ്റ്റേഷനറി ഫീസ് | **105** | |

| | | | | |
|---|---|---|---|---|
| | ഇന്റർനെറ്റ് , ഓഡിയോ വിഷ്വൽ ഫീസ് | | 105 | |
| | സർവ്വകലാശാല യൂണിയൻ ഫീസ് | | 210 | |
| | അസോസിയേഷൻ ഫീസ് | | 210 | |
| | മാഗസിൻ ഫീസ് | | 225 | |
| | സ്പോർട്സ് അഫിലിയേഷൻ ഫീസ് | | 55 | |
| | മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ് | | 55 | |
| | സുരക്ഷാനിക്ഷേപം | | 1,050 | |
| | അദ്ധ്യയന ഫീസ് | ബി എ | 2,625 | |
| | | ബി എസ് സി | 3,150 | |
| | മെട്രികുലേഷൻ ഫീസ് | | 160 | |
| | ഇൻഷുറൻസ് | | 190 | |
| | അധ്യാപക രക്ഷാകർത്ത സംഘടന (പി ടി എ) | | 135 | |

**മേൽ കൊടുത്തിട്ടുള്ള ഫീസ് നിരക്ക് 2025 – 26 വർഷത്തിൽ നിലവിലുള്ള ഫീസ് നിരക്കാണ്. കാലാകാലങ്ങളിൽ നിലവിൽവരുന്ന ഫീസ് നിരക്ക് മാറ്റം ബാധകമായിരിക്കും. പ്രവേശനം നടക്കുന്ന സമയത്ത് നിലവിലുള്ള ഫീസ് അടക്കുന്നതിന് വിദ്യാർത്ഥികൾ ബാധ്യസ്ഥരായിരിക്കും.**

# പൊതുവായ കാര്യങ്ങൾ

1. വിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വമേ അപേക്ഷാസമർപ്പണം നടത്താവൂ. അപേക്ഷയിലെ അപാകതകൾമൂലം പ്രവേശനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായാൽ മുഴുവൻ ഉത്തരവാദിത്തവും അതത് അപേക്ഷകർക്കായിരിക്കും.

2. സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വയ്ക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്.

3. റാങ്ക് ലിസ്റ്റ്, അഡ്മിഷൻ ഷെഡ്യൂൾ, അഡ്മിഷൻ മെമ്മോ, പ്രവേശന വിശദാംശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന അറിയിപ്പുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അലോട്ട്മെന്റ്/ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവ്വകലാശാല നൽകുന്നതല്ല.

4. ഹോസ്റ്റലിന്റെ ലഭ്യതക്കനുസരിച്ച് അർഹരായ വിദ്യാർഥികൾക്ക് ദൂരത്തിന്റെ മുൻഗണനാക്രമത്തിൽ ഹോസ്റ്റൽ സൌകര്യം ലഭ്യമാക്കുന്നതാണ്.

5. ഒരു ബിരുദം നേടിയശേഷം *(റഗുലർ രീതിയിൽ)* മറ്റൊരു ബിരുദത്തിനു പഠിക്കുമ്പോൾ വിദ്യാർഥികൾക്കു യാതൊരുവിധ ഫീസിളവുകളോ ഹോസ്റ്റൽ സൌകര്യമോ അനുവദിക്കുന്നതല്ല. ഇത്തരം വിദ്യാർത്ഥികളെ വിദ്യാർത്ഥിയൂണിയൻ തിരഞ്ഞെടുപ്പിൽ മൽസരിക്കുവാനും അനുവദിക്കുന്നതല്ല.

6. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതും, തെറ്റായതും, അപൂർണ്ണമായതുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ തന്നെ നിരസിക്കപ്പെടുന്നതാണ്.

7. വിദ്യാർത്ഥികൾ ഹാജരാക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന സമയത്ത് സമർപ്പിക്കേണ്ടതാണ്.

8. പ്രവേശന സമയത്ത് ഹാജരാക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സാധുത പരിശോധിച്ചു ബോധ്യപ്പെട്ട്, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കിയതിനു ശേഷം തിരികെനൽകുന്നതാണ്.

9. വിദ്യാർഥികൾ ഹാജരാക്കുന്ന സ്വഭാവസർട്ടിഫിക്കറ്റ് അവർ അവസാനം പഠിച്ച സ്ഥാപനത്തിൽ (ടി.സി. നൽകുന്ന) നിന്നുള്ളതായിരിക്കണം. വിദൂരവിദ്യാഭ്യാസം വഴി പഠനം പൂർത്തിയാക്കിയവർ, പഠനം അവസാനിപ്പിച്ചിട്ട് മൂന്നു വർഷത്തിൽ കൂടുതലായവർ എന്നിവർ ഗസറ്റഡ് ഓഫീസറിൽ നിന്ന് ആറു മാസത്തിനുള്ളിൽ വാങ്ങിയിട്ടുള്ള സ്വഭാവസർട്ടിഫിക്കറ്റു കൂടി സമർപ്പിക്കണം.

10. പ്രവേശന സമയത്ത് വിദ്യാർത്ഥികൾ എല്ലാ അസ്സൽ രേഖകളും ഹാജരാക്കേണ്ടതും നിശ്ചയിച്ചിട്ടുള്ള ഫീസ് പൂർണ്ണമായും അടയ്ക്കേണ്ടതുമാണ്. പ്രവേശനത്തിന് ഹാജരാകുന്ന സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാതിരുന്നാലോ, മതിയായ ഫീസ് അടയ്ക്കാതിരുന്നാലോ പ്രവേശനം അനുവദിക്കുന്നതല്ല.

11. ഈ പ്രോസ്പെക്ടസിലെ ഏതു വകുപ്പുകളും ഫീസ് നിരക്കുകളും നിബന്ധനകളും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ്, സർവ്വകലാശാലാ നിർദ്ദേശങ്ങൾ/ ഉത്തരവുകൾ എന്നിവയ്ക്കനുസൃതമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ എന്നിവ യഥാസമയം ഉൾപ്പെടുത്തുന്നതിനുള്ള അധികാരം സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കും.

**രജിസ്ട്രാർ ഇൻചാർജ്**